## കാഴ്ചയുടെ വസന്തം വീണ്ടുമെത്തി

# ഇസ്ലാം ഹുസൈൻ ചിരിക്കുന്നു



ഇസ്ലാം ഹുസൈൻ പത്രസമ്മേളനത്തിൽ

കൊച്ചി: ഇവിടത്തന്നെ പഠിക്കണം, എന്നിട്ട് എഞ്ചിനീയറാവണം ... നഷ്ടമായ കാഴ്ചകൾ തിരികെ കിട്ടിയ ശേഷം സംസാരിച്ച ഇസ്ലാം ഹുസൈന് ആവേശം അടക്കാനായില്ല. യെമനിലെ ബോംബ് സ്ഫോടനത്തിൽ കണ്ണുകളും കൈകളും നഷ്ടമായ ഇസ്ലാം ഹുസൈൻ ഇപ്പോൾ ഹാപ്പിയാണ്. യെമനിൽ കിട്ടാത്ത ചികിത്സ കേരളം നൽകിയപ്പോൾ, ഇവിടെത്തന്നെ തുടർപഠനവും വേണമെന്ന് ആഗ്രഹിക്കുകയാണ് 22കാരനായ ഇസ്ലാം.

അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ നടത്തിയ കോർണിയൽ ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയയിലൂടെയാണ് ഇസ്ലാം ഹുസൈന് കാഴ്ച തിരികെ കിട്ടിയത്. യെമനിലെ പുരാതന ഗ്രാമമായ തൈസാണ് ഇസ്ലാം ഹുസൈന്റെ നാട്. ഇവിടെ യുദ്ധം പതിവാണ്. [illegible] സെപ്തംബർ 13ന് ഇസ്ലാം ഹുസൈൻ തെരുവിലൂടെ നടന്നുപോകുമ്പോഴാണ് ബോംബ് സ്ഫോടനമുണ്ടായത്. രണ്ടുകണ്ണുകളും കൈകളും നഷ്ടപ്പെട്ടു. കാലുകൾക്കും ഗുരുതരമായി പരിക്കേറ്റു. യെമനിലെ ആശുപത്രിയിൽ ചികിത്സ തേടി. എന്നാൽ, കൈകൾ മുറിച്ചു മാറ്റേണ്ടി വരുമെന്ന് ഡോക്ടർമാർ വിധിയെഴുതി.

ഇതിനിടെ ഈജിപ്തിലെ ആശുപത്രിയിലേക്ക് ഇസ്ലാമിനെ മാറ്റി. അണുബാധമൂലം ഇവിടെ വെച്ച് ഇരുകൈകളും മുറിച്ചു കളയേണ്ടി വന്നു. ഇസ്ലാമിന്റെ കൂട്ടുകാരന്റെ നിർദ്ദേശപ്രകാരമാണ് ചികിത്സ ഇന്ത്യയിലേക്ക് മാറ്റുന്നതും, കുടുംബ സഹിതം അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിൽ എത്തിയതും.

കണ്ണിന്റെ ശസ്ത്രക്രിയയാണ് ഇസ്ലാമിന് ആദ്യം ചെയ്തത്. ഇടതു കണ്ണ് സ്ഫോടനത്തിൽ ശരിയാക്കാൻ സാധിക്കാത്തവിധം തകർന്നിരുന്നു. അതിനാലാണ് വലതു കണ്ണിൽ ശസ്ത്രക്രിയ ചെയ്യാൻ തീരുമാനിച്ചത്. ചിന്നിച്ചിതറിയ അവസ്ഥയിലായിരുന്ന കണ്ണുകളിൽ കോർണിയൽ ട്രാൻസ്പ്ലാന്റ് നടത്തി. ഒരു ദിവസത്തിന് ശേഷം കണ്ണ് തുറന്നപ്പോൾ ഉണ്ടായതു വൈകാരികമായ നിമിഷമായിരുന്നു. ഇസ്ലാമിന്റെ അമ്മയുടെ കണ്ണുകൾ ഈറനണിഞ്ഞു. ശസ്ത്രക്രിയക്കു ശേഷം 90 ശതമാനം കാഴ്ച തിരികെ ലഭിച്ചു.

ഇസ്ലാം ഹുസൈന് പരസഹായമില്ലാതെ നടക്കാൻ കഴിയുന്നുണ്ടെന്ന് ഓഫ്താൽമോളജി വിഭാഗത്തിലെ ഡോ. അനിൽ രാധാകൃഷ്ണൻ പറഞ്ഞു. സാധാരണ ജീവിതം നയിക്കാൻ കൈകൾ മാറ്റി വയ്ക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റിൽ ഇസ്ലാമിന്റെ പേരും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഡോ. ഗോപാൽ എസ്. പിള്ള പറഞ്ഞു.

കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ സ്ഫോടനങ്ങളിൽ 5000ത്തോളം ആളുകൾക്ക് കൈകാലുകൾ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് ഇസ്ലാം പറഞ്ഞു. തന്റെ പ്രയാസകാലങ്ങളിൽ താങ്ങായി നിന്നതിനു തന്റെ കുടുംബത്തോടും, തന്നെ കാഴ്ചയുടെ ലോകത്തിലേക്ക് തിരികെ കൊണ്ടുവന്ന അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ ഡോക്ടർമാർക്കും നന്ദി ഇസ്ലാം അറിയിച്ചു. ഡോ. അനിൽ രാധാകൃഷ്ണൻ, ഡോ. ജിമ്മി മാത്യു, ഇസ്ലാമിന്റെ അമ്മ ദിബ്ര ഹുസൈൻ, അച്ഛൻ അഹമ്മദ് മുഹമ്മദ് എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.